**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 653** **06-12-2022 - ൽ മറുപടിയ്ക്ക്**

**കേരള റബർ ലിമിറ്റഡിന്റെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | റബർ അധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ പുതിയ സംരംഭമായ കേരള റബർ ലിമിറ്റഡിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (എ) | റബർ അധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ പുതിയ സംരംഭമായ കേരള റബർ ലിമിറ്റഡിന്റെ കല്ലിടൽ ചടങ്ങ് 2022 മേയ് 09 ന് നടന്നു.<br><br>• MSME-കളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് റബ്ബർ ബോർഡ് KIIFB കൺസൾട്ടൻസി സർവീസസ് യൂണിറ്റിന്റെ (KCSU) സഹകരണത്തോടെ DPR തയ്യാറാക്കിയിട്ടുണ്ട്.<br>• KIIFB കൺസൾട്ടൻസി സർവീസസ് യൂണിറ്റിനെ (KCSU) KRL-ന് വേണ്ടി കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) ചുമതലപ്പെടുത്തി. ടോപ്പോഗ്രാഫിക്കൽ സർവേക്കു ആവശ്യമായ ലാൻഡ് ക്ലിയറൻസും സോയിൽ ഇൻവെസ്റ്റിഗേഷനും പൂർത്തിയായി.<br>• കോമ്പൗണ്ട് ഭിത്തിയുടെ ടെൻഡറിംഗ് പൂർത്തിയായി. ഇന്റീരിയർ റോഡുകളുടെയും കെട്ടിടങ്ങളുടെയും ടെൻഡറിംഗ് പുരോഗമിക്കുകയാണ്.<br>• പ്രാരംഭ വികസന പ്രവർത്തനങ്ങൾക്കായി ഭൂവികസന നടപടികൾ പുരോഗമിക്കുന്നു.<br>• KRL ഇൻഡസ്ട്രിയൽ കോംപ്ലക്സിൽ തങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് 12 നിക്ഷേപകർ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.<br>• പ്രാരംഭ ഭൂവിതരണം 2023 ഏപ്രിൽ കൊണ്ട് തുടങ്ങാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, | (ബി) | സംസ്ഥാനത്ത് കൈത്തറി മേഖലയിൽ |

കൈത്തറി എന്നീ മേഖലയുടെ സമഗ്ര വളർച്ചക്ക് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ ഉൽപ്പാദനരീതികളുടെ നവീകരണവും ഉൽപ്പാദന വൈവിധ്യത്തിനുമായി ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോൽസാഹനവും പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ കീഴിൽ ചുവടെ ചേർക്കുന്ന 6 ഘടകങ്ങൾക്കായി ഫണ്ട് അനുവദിക്കുന്നു.

1. വർക്ക് ഷെഡ് നവീകരണം
2. വ്യക്തിഗത വർക്ക് ഷെഡ് നവീകരണം
3. ഡൈ ഹൗസ് റിപ്പയറിംഗ്
4. ഒരു വീട്ടിൽ ഒരു തറി
5. ടെക്നോളജി അപ്ഗ്രഡേഷൻ ആന്റ് ട്രാൻസ്ഫർ ഓഫ് ന്യൂ ടെക്നോളജി
6. തറി/അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ/ ഭാഗിക അറ്റകുറ്റപ്പണികൾ.

കൈത്തറി മേഖലയിലെ അസംസ്കൃത വസ്തുക്കളായ, നൂൽ, ചായം, രാസ വസ്തുക്കൾ എന്നിവ കൈത്തറി സംഘങ്ങൾക്ക് യാൺ ബാങ്കുകൾ വഴി സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നു.

സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിച്ച വിപണനം നടത്തുന്ന പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാൻറക്സ്, ഹാൻവീവ് എന്നിവർക്ക് സംസ്ഥാന സർക്കാർ റിബേറ്റ് (സ്കൂൾ യൂണിഫോം 30% മറ്റ് സീസണുകളിൽ 20 % നിരക്കിൽ) നൽകി വരുന്നു. കൈത്തറി ഉൽപ്പന്നങ്ങൾക്ക് റിബേറ്റ് നൽകുന്നതുവഴി വിപണന സാധ്യത കൂട്ടുന്നതിനും തദ്വാരാ കൈത്തറി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിനും സാധിക്കുന്നു.

**യുവ വീവ് പദ്ധതി :** തൊഴിൽ രഹിതരായ പതിനെട്ടിനും നാല്പതിനും മദ്ധ്യേ പ്രായമുള്ള യുവതീയുവാക്കളെ കൈത്തറിമേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് വേണ്ടി മൂന്നു മാസം സ്റ്റൈപ്പന്റോട്ടു കൂടി പരിശീലനം നൽകുകയും പരിശീലനം ലഭിച്ച യുവതി യുവാക്കൾക്ക് തറിയും അനുബന്ധ ഉപകരണങ്ങളും നൽകി നെയ്ത്തിന് പ്രാപ്തരാക്കുകയും ചെയ്യുന്നു.

**പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി :**

മാർഗ്ഗ നിർദ്ദേശ പ്രകാരം ശാസ്ത്രീയമായി ജോലിയിൽ മൂല്യനിർണ്ണയം നടത്തിയും വിറ്റുവരവിന്റെ അടിസ്ഥാനത്തിലും അധികമായി ചെയ്യുന്ന ജോലിയ്ക്കനുസരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കി നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും

പ്രോത്സാഹനം നൽകി ഉത്പാദനക്ഷമത മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. ഈ പദ്ധതി മൂലം നെയ്ത്ത് തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനവും, കൂടുതൽ തൊഴിൽ ദിനങ്ങളും ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ 6200 നെയ്ത്ത് തൊഴിലാളികൾ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ സഹകരണ സ്പിന്നിംഗ് മില്ലുകൾക്ക് ഈ പദ്ധതി മൂലം ഒരു പുത്തൻ ഉണർവ് പ്രദാനം ചെയ്യാൻ സാധിച്ചിട്ടുണ്ട്. വർഷം 250 ൽ കൂടുതൽ തൊഴിൽ ദിനങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ട്.

കശുവണ്ടി മേഖലയെ സംരക്ഷിക്കുന്നതിനായി പൊതുമേഖലാ സ്ഥാപനങ്ങളായ കാപ്പെക്സിനും, കശുവണ്ടി വികസന കോർപ്പറേഷനും, കേരളാ കാഷ്യൂ ബോർഡിനും കശുമാവ് കൃഷി വികസന ഏജൻസിയ്ക്കും വർഷാവർഷം പദ്ധതി വിഹിതമായി തുക നൽകി വരുന്നു.

കശുവണ്ടി തൊഴിലാളികളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി അടഞ്ഞു കിടന്ന സ്വകാര്യ ഫാക്ടറികളിൽ നിന്നും 1509 തൊഴിലാളികളെ കാപ്പെക്സ് 2016-21 കാലയളവിൽ നിയമിച്ചിരുന്നു. തുടർന്നും സമാന രീതിയിൽ തൊഴിലാളികളെ പുതിയതായി നിയമിയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

കശുവണ്ടി മേഖലയിൽ കശുമാവിന്റെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിച്ച് തോട്ടണ്ടി സംഭരണത്തിൽ സ്വയം പര്യാപ്തത നേടുക എന്ന ലക്ഷ്യത്തോടെ കൃഷി പ്രോത്സാഹനത്തിന് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാപ്പെക്സിന്റെ പെരുമ്പുഴ ഫാക്ടറിയിൽ മേൽത്തരം അത്യുൽപ്പാദന ശേഷിയുള്ള കശുമാവിൻ തൈകൾ ഉത്പാദിപ്പിക്കുന്ന കശുമാവ് നഴ്സറി പ്രവർത്തിച്ചു വരുന്നുണ്ട്.

പ്രോസ്സസിംഗ് വിഭാഗത്തിൽ വരുന്ന ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് സെക്ഷനുകളിൽ ഫുൾ കപ്പാസിറ്റി യൂട്ടിലൈസേഷന്റെ ഭാഗമായി പാരിറ്റി സംരക്ഷിക്കത്തക്ക തരത്തിൽ തൊഴിലാളികളെ എടുത്ത് പരമാവധി ഉൽപ്പാദനക്ഷമത

കൈവരിക്കാനാണ് കശുവണ്ടി വികസന കോർപ്പറേഷൻ ലക്ഷ്യമിടുന്നത്.

പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായി ഷെല്ലിംഗ് സെക്ഷനിൽ കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. കൂടാതെ അത്യാധുനിക ഫില്ലിംഗ് പാക്കിംഗ് മെഷീൻ കോർപ്പറേഷന്റെ അയത്തിൽ ഫാക്ടറിയിൽ സ്ഥാപിച്ചിട്ടുള്ളതാണ്.

കശുവണ്ടി പരിപ്പിന്റെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും ആഭ്യന്തര വിപണനം മെച്ചപ്പെടുത്തുന്നതിനായുള്ള മൊബൈൽ സെയിൽസ് വാനിന്റെ ഉദ്ഘാടനം 16/08/2022ന് നിർവ്വഹിച്ചിട്ടുള്ളതാണ്. കൺസ്യൂമർഫെഡുമായി ധാരണപത്രം ഒപ്പിട്ട് കൺസ്യൂമർഫെഡിന്റെ ഔട്ട് ലെറ്റുകൾ വഴിയും വിപണനം മെച്ചപ്പെടുത്തി ആഭ്യന്തര വിപണി വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ നിയോഗിച്ച സമിതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുക, പൊതുമേഖലാ സ്ഥാപനങ്ങൾ 200 ദിവസമെങ്കിലും തൊഴിൽ നൽകുക, കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ ആരായുക തുടങ്ങി നിരവധി പ്രശ്നങ്ങളാണ് വിദഗ്ദ സമിതി പരിശോധിക്കുന്നത്.

കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനവും, കൃഷി വ്യാപനവും വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് Cultivation of Organic Cashew & Establishment of Raw Nut Bank എന്ന പദ്ധതിയിൽModel Cashew Garden, Cashew Model Farm, മുറ്റത്തൊരു കശുമാവ്, Ultra High Density Planting എന്നീ പദ്ധതികൾ ഘട്ടങ്ങളായി നടപ്പിലാക്കി വരുന്നു.

കയർ തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിച്ചു കൊണ്ട് സമ്പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പാക്കുക, ചകിരിയുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക, ഉല്പന്നരംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തുക, കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ ആരംഭിച്ച പദ്ധതി പ്രവർത്തനങ്ങൾ

| | | | |
|---|---|---|---|
| | | | തുടർന്നു വരികയാണ്. സമ്പൂർണ്ണ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 1493 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, 26000 ഇ-റാട്ടുകൾ, 130 ഡി.എഫ് മില്ലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി കയർ ചകിരി ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. എ.എസ്.എം-കൾ സ്ഥാപിച്ച സംഘങ്ങളിൽ തൊഴിലാളികളുടെ ദിവസ വേതനം 500/- രൂപയായി ഉയർത്തിയിട്ടുണ്ട്. ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെയും കയർ ഭൂവസ്ത്ര പദ്ധതിയുടെ വ്യാപനത്തിലൂടെയും കയറിനും കയറുല്പന്നങ്ങൾക്കും വിപണി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. കയറിന്റെയും കയറുല്പന്നങ്ങളുടെയും അന്താരാഷ്ട്ര പ്രദർശന-വിപണന മേളയായ കയർ കേരള സംഘടിപ്പിക്കുക വഴി ആഭ്യന്തര-വിദേശ വിപണി മെച്ചപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. ഇതു കൂടാതെ കയർ വികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ സ്കീമുകളിലൂടെ കയർ മേഖലയുടെ സമഗ്ര വികസനം ഉറപ്പാക്കുന്നുണ്ട്. കയർ തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം വഴി ആനുകൂല്യം നൽകി വരുന്നു. കയർ മേഖലയുടെ ഉന്നമനത്തിനായി കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിന് ഒരു വിദഗ്ധ സമിതി രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ